# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:*164 08.12.2014 ൽ മറുപടിക്ക്

## ഉൾനാടൻ ജലഗതാഗതം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.ബി. അബ്ദുൾ റസാക്<br>,, എൻ. ഷംസുദ്ദീൻ<br>,, സി. മോയിൻ കുട്ടി<br>,, വി.എം.ഉമ്മർ മാസ്റ്റർ | | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | ഉൾനാടൻ ജലഗതാഗതത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം സംബന്ധിച്ച വിശദവിവരം നൽകാമോ; | (എ) | ഉൾനാടൻ ജലഗതാഗതവുമായി ബന്ധപ്പെട്ട് സമയാസമയങ്ങളിൽ പുറത്തിറങ്ങുന്ന വ്യവസ്ഥകൾ, നിയമങ്ങൾ, ചട്ടങ്ങൾ എന്നിവ കൃത്യമായി പാലിച്ചുകൊണ്ട് പൊതുജനങ്ങൾക്ക്, പ്രത്യേകിച്ച് വെള്ളക്കെട്ടായ പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക്, മെച്ചപ്പെട്ട ജലഗതാഗത സൗകര്യം ലഭ്യമാക്കുക എന്നതാണ് സംസ്ഥാന ജലഗതാഗത വകുപ്പിന്റെ ദൗത്യം. കേരളത്തിലെ കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, കണ്ണൂർ, കാസർഗോഡ് എന്നീ ആറു ജില്ലകളിലായി വെള്ളക്കെട്ടുള്ള ദ്വീപുകളെ ബന്ധപ്പെടുത്തി സംസ്ഥാന ജലഗതാഗത വകുപ്പ് 51 ഷെഡ്യൂളുകളിലായി പാസഞ്ചർ സർവ്വീസുകൾ നടത്തിവരുന്നു. കൂടാതെ ഉൾനാടൻ ജലഗതാഗതത്തിനായുള്ള സംസ്ഥാന ജലപാതയുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് ദേശീയ ജലപാതയായ കൊല്ലം-കോട്ടപ്പുറം |

| | | | |
|---|---|---|---|
| | | | പാതയുടെ ഇരുവശങ്ങളിൽ ഉൾപ്പെടുന്ന കോവളം-കൊല്ലം, കോട്ടപ്പുറം - നീലേശ്വരം എന്നീ സംസ്ഥാന ജലപാതകളെ നബാഡ്, പതിമൂന്നാം ധനകാര്യകമ്മീഷൻ, സ്റ്റേറ്റ് ഫണ്ട് എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി പൂർണ്ണമായും ഗതാഗതയോഗ്യമാക്കുന്നതിലേക്കായി വിവിധഭാഗങ്ങളിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ജലസേചന വകുപ്പിന്റെ മേൽനോട്ടത്തിലും നടത്തിവരുന്നത് പൂർത്തിയായാൽ ടി ജലപാതകളിലൂടെയും സംസ്ഥാന ജലഗതാഗത വകുപ്പിന്റെ ബോട്ടു സർവ്വീസ് ഏർപ്പെടുത്തുന്നകാര്യം ആവശ്യമെങ്കിൽ പരിശോധിക്കാവുന്നതാണ്. |
| (ബി) | നിലവിലുള്ള ജലഗതാഗത സൗകര്യങ്ങൾ ജനങ്ങളുടെ ആവശ്യം കൂടി കണക്കിലെടുത്ത് പരമാവധി ഉപയോഗപ്പെടുത്തുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. പൊതുജനങ്ങളുടെ ആവശ്യം കൂടി കണക്കിലെടുത്ത് സംസ്ഥാന ജലഗതാഗത വകുപ്പ് നൽകിയിട്ടുള്ള 51 ഷെഡ്യൂളുകളും മുടക്കം കൂടാതെ കാര്യക്ഷമമായി നടത്തിവരുന്നു. ഇതിൽ സ്വദേശികളും വിദേശികളുമായ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി അപ്പർ ഡെക്ക് സംവിധാനമുള്ള രണ്ട് ലക്ഷ്വറി ബോട്ടുകൾ ആലപ്പുഴ - കൊല്ലം, കൊല്ലം - ആലപ്പുഴ റൂട്ടിൽ സർവ്വീസ് നടത്തി വരുന്നു. ഇത് കൂടാതെ 90 യാത്രക്കാർക്ക് സഞ്ചരിക്കാൻ കഴിയുന്ന അത്യന്താധുനിക സൗകര്യങ്ങളോട് കൂടിയ രണ്ട് പാസഞ്ചർ കം ടൂറിസ്റ്റ് ഡബിൾ ഡക്കർ ബോട്ടുകൾ 'സീ-കുട്ടനാട്' എന്ന |

| | | | |
|---|---|---|---|
| | | | പേരിൽ ആലപ്പുഴ- കുട്ടനാട് റൂട്ടിൽ സർവ്വീസ് നടത്തി വരുന്നു.<br>ഇരു ചക്ര വാഹനങ്ങൾ ഉൾപ്പെടെ കയറ്റാവുന്ന രീതിയിൽ രൂപ കല്പന ചെയ്ത ആറ് പാസ്സഞ്ചർ-കം- വെഹിക്കിൾ കാരിയർ ബോട്ടുകൾ സർവ്വീസ് നടത്തുന്നുണ്ട്. |
| (സി) | ജലഗതാഗത വകുപ്പിനു കീഴിൽ നിലവിൽ പ്രവർത്ത നക്ഷമമായ ബോട്ടുകളുടെയും പ്രതിദിനം ഓപ്പറേറ്റ് ചെയ്യുന്ന സവ്വീസുകളുടെയും വിശദവി വരം നൽകാമോ? | (സി) | നിലവിൽ 56 ബോട്ടുകൾ പ്രവർത്തന ക്ഷമമായ ബോട്ടുകളാണ്. പ്രതിദിനം 51 സർവ്വീസ് നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ